# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ക്ലാപ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P8/2318/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P8/2318/22 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-11-2021 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 24-11-2021 മുതൽ 15-11-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ദിവ്യ ജെ., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്., ഓഡിറ്റർ
ശ്രീമതി താര റ്റി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനിമോൾ ഒ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി താര ആർ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.രജിത | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജയലത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.ശ്രീന എസ്.നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ജ്യോതിലക്ഷ്മി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു എസ്. | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രാധാകൃഷ്ണൻ വി. | അസ്സി.സെക്രട്ടറി | 01-04-2021 | 10-01-2022 |
| ശ്രീ.റൈറ്റസ് പി. | അസ്സി.സെക്രട്ടറി | 11-01-2022 | 31-03-2022 |
| ശ്രീമതി ജലജ എൽ. | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ധന്യ | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജു | ഫിഷറീസ് സബ്ഇൻസ്പെക്ചർ | 01-04-2021 | 31-03-2022 |
| ശ്രീ.അനിയൻ എൻ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 22-09-2021 |
| ശ്രീമതി സംഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-09-2021 | 31-03-2022 |
| ശ്രീമതി മാളു | കൃഷിഓഫീസർ | 01-04-2021 | 12-07-2021 |
| ശ്രീമതി അജ്മി | കൃഷിഓഫീസർ | 11-10-2021 | 31-03-2022 |
| ശ്രീമതി മീര | കൃഷിഓഫീസർ | 12-07-2021 | 11-10-2021 |
| ശ്രീ.പ്രേംകുമാർ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എസ്. | വി.ഇ.ഒ. | 01-04-2021 | 25-10-2021 |
| ശ്രീമതി സനൂജ | വി.ഇ.ഒ. | 25-10-2021 | 31-03-2022 |

MGNREGS ജീവനക്കാർ 1. ശ്രീമതി വിജിത കെ.സേനൻ, അക്രഡിറ്റഡ് എഞ്ചിനീയർ 2. ശ്രീ.ബിബിൻ ബാബു, ഓവർസിയർ 3.ശ്രീ.ബിനു ബി., ഓവർസിയർ

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക  പരിശോധനയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | റേഷൻ വ്യാപാരികളുടെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്യുന്നില്ല. | 1-11 |
| 13 | മെഡിക്കൽ ഓഫീസർ (ഹോമിയോ) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-12 |
| 14 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) - മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. | 1-13 |
| 15 | ധനകാര്യ കമ്മീഷൻ വിഹിതം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി. | 1-14 |
| 16 | സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനത്തിൽ ലിമിറ്റ് ചെയ്യാൻ മസ്റ്റർറോൾ വെട്ടി തിരുത്തി. | 1-15 |
| 17 | മസ്റ്റർറോൾ തിരുത്തി അധികം വേതനം നൽകി. | 1-16 |
| 18 | എം.ബുക്ക് വെട്ടിതിരുത്തൽ | 1-17 |
| 19 | ഓരോ ഇനത്തിലും എസ്റ്റിമേറ്റ് തുകയിൽ കൂടുതൽ പ്രവൃത്തിക്കായി ചെലവഴിച്ചു. | 1-18 |
| 20 | അവിദഗ്ധ - വിദഗ്ധ തൊഴിൽ കൂലി - ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി അനർഹമായ വേതനം അനുവദിച്ചു. | 1-19 |
| 21 | സമയബന്ധിതമായി മസ്റ്റർറോൾ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞില്ല - തൊഴിൽകൂലി വൈകി. | 1-20 |
| 22 | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിന്റെ അനുപാതത്തിൽ കൂടുതൽ തൊഴിൽകൂലി നൽകി - മസ്റ്റർ റോളിൽ എ.ഐ.ടി.എ തിരുത്തൽ വരുത്തി. | 1-21 |
| 23 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിക്കാതെ ടെൻഡർ നിരസിച്ചു. | 1-22 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | മസ്റ്റർറോൾ തിരുത്തി അധികം വേതനം നൽകി | 3-1 |
| 2 | ഓരോ ഇനത്തിലും എസ്റ്റിമേറ്റ് തുകയിൽ കൂടുതൽ പ്രവൃത്തിക്കായി ചെലവഴിച്ചു. | 3-2 |
| 3 | അവിദഗ്ധ - വിദഗ്ധ തൊഴിൽ കൂലി -  ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ | 3-3 |

| | | |
|---|---|---|
| | രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി അനർഹമായ വേതനം അനുവദിച്ചു. | |
| 4 | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിന്റെ അനുപാതത്തിൽ കൂടുതൽ തൊഴിൽകൂലി നൽകി. | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.02.2022 തീയതിയിലെ III(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 14.08.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധനയിലെ അപാകതകൾ

(1) A. Suppliers EMD രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും AFS പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 6,410/- |
| AFS പ്രകാരം | 20,996/- |

25.03.22 ലെ II/1 തീരുമാന പ്രകാരം നിക്ഷേപ തുകയായ 14,586/-രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി. എന്നാൽ ആയതിനനുബന്ധമായ മാറ്റങ്ങൾ സാംഖ്യയിൽ വരുത്തിയില്ല.

B. Bidders EMD രജിസ്റ്റർ പ്രകാരമുള്ള തുകയും AFS പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 27,210/- |
| AFS പ്രകാരം | 35,335/- |

25.03.22 ലെ II/1 തീരുമാന പ്രകാരം Deposit Forfeited – 8,125/-രൂപ ഉൾപ്പെടുത്താത്തതിനാലാണ് വ്യത്യാസം ഉണ്ടായത്.

C. Contractors Security Deposit രജിസ്റ്റർ പ്രകാരമുള്ള തുകയും AFS പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 91,045/- |
| AFS പ്രകാരം | 1,04,465/- |

25.03.22 ലെ II/1 തീരുമാന പ്രകാരം Deposit Forfeited – 13,420/-രൂപ ഉൾപ്പെടുത്താത്തതിനാലാണ് വ്യത്യാസം ഉണ്ടായത്.

D. Contractors Retention ഇനത്തിൽ 2,143/-രൂപ വരവുണ്ട്. എന്നാൽ RP 33 Deposit Received-ൽ വന്നിട്ടില്ല.

(2) Auction Deposit

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 500/- |
| AFS പ്രകാരം | 700/- |

200/-രൂപ Forfeit ചെയ്തത് ഉൾപ്പെടുത്താത്തതിനാലാണ് വ്യത്യാസം ഉണ്ടായത്.

(3) 31.03.2022-ലെ Stock In Hand മൂല്യം കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(4) Donations Related To Pandemic/epidemic Control

B 4-ൽ 39,500/-രൂപ B 17-ൽ 40,162/-രൂപ

(5) വസ്തുനികുതി Residential & Non-Residential Collection Balance തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

(6) തൊഴിൽ നികുതി, D & O ലൈസൻസ് വാർഷിക സംക്ഷിപ്തം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

(7) M O (Ayurveda) Contingent ചെലവുകൾക്ക് നൽകിയ തുക RP (49)ൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 3,05,500/- |
| AFS പ്രകാരം | 3,10,500/- |

(8) Advance To MGNREGA Administrative Expense

| | |
|---|---|
| രജിസ്റ്റർ പ്രകാരം | 12,69,547/- |
| AFS പ്രകാരം | 9,08,635/- |

(9) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) & റോഡിതരം AFS ഉം ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരം | ACR പ്രകാരം |
|---|---|---|

| | | |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 67,55,553/- | 66,69,212/- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 37,65,652/- | 32,80,272/- |

(10) കേരളാ വാട്ടർ അതോറിറ്റിയ്ക്ക് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി നിക്ഷേപിച്ച 57,000/-രൂപ RP-49 ൽ ഉൾപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,27,85,334/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 7,13,11,884/- |
| ആകെ | ₹ 8,40,97,218/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 6,84,46,989/- |
| നീക്കിയിരിപ്പ് | ₹ 1,56,50,229/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 147434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 770312 |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ | ക്യൂബിൽ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,42,88,000/- | 1,42,88,000/- | 1,42,88,000/- | 0 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 43,89,131/- | 43,89,131/- | 40,84,000/- | 3,05,131/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) (ബാങ്ക്) | 0 | 39,91,000/- | 39,91,000/- | 2761,702/- | 12,29,298/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) (ബാങ്ക്) | 0 | 27,46,560/- (പലിശ വരവ് കൂടി ഉൾപ്പെട്ട ആകെ തുക) | 27,46,560/- | 21,19,638/- | 6,26,922/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി) (Tied) | 0 | 25,06,568/- | 25,06,568/- | 19,62,312/- | 5,44,256/- | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 84,56,000/- | 84,56,000/- | 67,58,553/- | 16,97,447/- | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 62,27,252/- | 62,27,252/- | 37,65,652/- | 24,61,600/- | 0 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 47,420/- | 1,50,000/- | 1,97,420/- | 1,50,000/- | 47,420/- | 0 |
| സാക്ഷരത | 11,000/- | 0 | 11,000/- | 0 | 11,000/- | 0 |
| കുടുംബശ്രീ ഫണ്ട് | 7,95,216/- | 0/- | 7,95,216/- | 0/- | 7,95,216/- | 0 |
| ഫിഷറീസ് | 28,369/- | 0 | 28,369/- | 0 | 28,369/- | 0 |
| അവാർഡ് ഫണ്ട് | 1,82,312/- | 3,00,000/- | 4,82,312/- | 1,61,672/- | 3,20,640/- | 0 |
| എംജിഎൻആർഇജിഎസ് (സംസ്ഥാന വിഹിതം) | 3,158 | 17,65,064/- | 17,68,222/- | 17,66,633/- | 1,589/- | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 32,65,505/- | 88,804/- | 33,54,309/- | 10,27,328/- | 23,26,981/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| സൻസദ് ആദർശ് ഗ്രാം യോജന | 9,480/- | 0 | 9,480/- | 0 | 9,480/- | 0 |
| ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 51,426/- | 0 | 51,426/- | 0 | 51,426/- | 0 |
| സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് | 7,965/- | 13,996/- | 21,961/- | 0 | 21,961/- | 0 |
| ഡൊണേഷൻസ് – കൊവിഡ് | 39,500/- | 662/- | 40,162/- | 0 | 40,162/- | 0 |
| ICDS | 5,05,151/- | 6,50,519/- | 11,55,670/- | 11,55,670/- | 0 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 9,93,07,904/- | 117 | 4,45,35,037/- | 41 | - | 74% |

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,158/- | 17,65,064/- | 1,76,82,222/- | 17,66,633/- | 1,589/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,14,39,906/- | 4,14,39,906/- | 4,14,39,906/- | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,84,200/- | 1020 |
| വിധവാ പെൻഷൻ | 15,11,200/- | 1020 |
| വാർദ്ധക്യകാല പെൻഷൻ | 27,49,800/- | 1976 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 5,66,200/- | 357 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,05,800/- | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,50,000/- | 5 |

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2022 3pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹15,412/-നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു.

ബേബി ഫ്രണ്ട് ലി ടോയിലറ്റ്, സൻസദ് ആദർശ് ഗ്രാം യോജന, സാക്ഷരത എന്നിവയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക്

അക്കൗണ്ടുകളിൽ നിന്നും ദീർഘകാലമായി യാതൊരു ഇടപാടുകളും നടത്തുന്നില്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു. ഈ അക്കൗണ്ടുകളിൽ ദീർഘകാലമായി പലിശയൊന്നും ലഭിക്കുന്നില്ല. ഇത്തരം അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി അക്കൗണ്ടും നിഷ്ക്രിയമായി തുടരുന്നു. ഈ അക്കൗണ്ടിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിനോ അവ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനോ ഉള്ള ക്രിയാത്മക നടപടികൾ ഒന്നും തന്നെ സ്വീകരിച്ച് വരുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.
റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും, പര്യാപ്തമായ രീതിയിൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
2021-22 സാമ്പത്തിക വർഷത്തെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ 3-ാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കരാർ കാലാവധി അവസാനിച്ച തൊഴിലുറപ്പ് ജീവക്കാരുടെ കരാർ പുതുക്കിയിട്ടില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരായ അക്രഡിറ്റഡ് എഞ്ചിനീയർ, അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് എന്നിവരുടെ കരാർ കാലാവധി അവസാനിച്ചിട്ടും കരാർ പുതുക്കി നൽകാതെ നിലവിലും ജോലിയിൽ തുടർന്ന് വരുന്നതായി ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | കരാർ അവസാനിച്ച തീയതി |
|---|---|
| ശ്രീമതി. വിജിത.കെ. സേനൻ, അക്രഡിറ്റഡ് എഞ്ചിനീയർ | 15.10.2022 |
| ശ്രീമതി. ഷബീന, അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് | 03.05.2022 |
| ശ്രീമതി. റനീസ് ബിന്ദ് റഷീദ് ഐ.ടി അസിസ്റ്റന്റ് | 17.09.2022 |

2021-22 ൽ ജീവനക്കാർക്ക് ജോലി വിഭജനം നൽകി സെക്രട്ടറി നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/01.12.22) വിവിധ വാർഡുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെ എന്ന് നിശ്ചയിച്ചതിന്റെ രേഖകൾ സെക്രട്ടറി ഹാജരാക്കി. ഇതിന്റെ ആധികാരികത, ജോലി വിഭജന ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി. വിജിത.കെ. സേനന് 1 മുതൽ 5 വരെ വാർഡിന്റെ സ്വതന്ത്ര ചുമതല നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് എഞ്ചിനീയർക്ക് എല്ലാ വാർഡുകളിലേയും സൂപ്പർവിഷൻ ചാർജ് മാത്രം നൽകേണ്ടതായിട്ടും വാർഡുകളുടെ പൂർണ്ണ ചുമതല നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. അനുബന്ധം-6 ആയി ചേർത്തിട്ടുണ്ട്. ഈ വിഷയം ബന്ധപ്പെട്ടവർ വിശദീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.11.2022 | 08-22 മുതൽ 11-22 വരെ | 30.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ | 23.02.2019 | 2013-14 - | LBA(HQ)II/II/8A-114/18-19 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2017-18 | Dtd. 08/05/19 |

1-11 റേഷൻ വ്യാപാരികളുടെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന റേഷൻ കടകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ഇതോടനുബന്ധിച്ച് പുറപ്പെടുവിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്.
റീട്ടെയിൽ റേഷൻഷോപ്പുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻഷോപ്പുകൾ ഒന്നും തന്നെ 2021-22 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നേടിയിട്ടില്ല. കേന്ദ്ര ഭക്ഷ്യ ഭദ്രത നിയമം നടപ്പാക്കിയതിനെ തുടർന്ന് റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് ഏറ്റവും കുറഞ്ഞ പ്രതിമാസ വേതനമായി 20,000/-രൂപ ഉറപ്പ് വരുത്തിയിട്ടുണ്ട്. ആയതിനാൽ ഒരു അർദ്ധവർഷം 1,000/-രൂപ നികുതി ഇനത്തിൽ ലഭിക്കേണ്ടതാണ്. ഡിമാന്റ് ചെയ്യാത്ത നികുതികൾ കാലഹരണപ്പെടുന്നതിനാൽ തൊഴിൽനികുതിയും ലൈസൻസ് ഫീസും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. നികുതിയും ഫീസും ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-12 മെഡിക്കൽ ഓഫീസർ (ഹോമിയോ) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതികൾക്കായി തുക ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (രൂപ) | ചെലവുതുക (രൂപ) | ബിൽ നം./തീയതി | ലഭ്യമായ മരുന്നുകളുടെ വില (രൂപ) | ലഭ്യമാകാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 30/21-22<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ | 2,00,000/-(മെയി.ഫണ്ട്-റോഡിതരം) | 2,00,000/- | 1/21-22/ 20.11.21 | 1,47,605/- | 52,395/- |
| 32/21-22<br>എൻ. എച്ച്. എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ | 2,00,000/-(മെയി.ഫണ്ട്-റോഡിതരം) | 2,00,000/- | 2/21-22/ 20.11.21 | 1,15,535/- | 84,465/- |
| ആകെ | | | | | 1,36,860/ - |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരുന്ന ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ മരുന്ന ലഭ്യമാക്കാൻ ബാക്കിയുള്ള 1,36,860/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

തടസ്സപ്പെടുത്തിയ തുക – 1,36,860/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 1/21-11-22

1-13 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) - മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി KMSCLന് നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ (രൂപ) | ചെലവുതുക (രൂപ) | ബിൽ നം./തീയതി | ലഭ്യമായ മരുന്നുകളുടെ വില (രൂപ) | ലഭ്യമാകാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 42/21-22 ആശുപത്രിക്ക് മരുന്നുകൾ | 2,50,000/-(മെയി.ഫണ്ട്-റോഡിതരം) | 2,50,000/ | 19/21-22 16/2/2022 | 2,16,548/- | 33452/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരുന്ന ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ മരുന്ന് ലഭ്യമാക്കാൻ ബാക്കിയുള്ള 33,452/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

തടസ്സപ്പെടുത്തിയ തുക – 33,452/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ – 3/24-11-22

1-14 ധനകാര്യ കമ്മീഷൻ വിഹിതം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി.

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി *വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം* എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ വിഹിതമായ 6,00,000/-രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. 01.06.2021 മുതൽ 08.02.2022 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള വിതരണം നടത്തിയതിന്റെ ചെലവ് അനുവദിച്ച് നൽകുന്നതിനായി ആണ് പദ്ധതി ആവിഷ്കരിച്ചത്. ടി കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ആവശ്യമുള്ളതിനാൽ ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ ഗ്രാന്റായി ലഭിച്ച 6,00,000/-രൂപ 21.03.2022-ലെ സി8-2020-2020 നമ്പർ ഉത്തരവ് പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. ഭാവിയിൽ ചെലവ് വരും എന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കരുതെന്ന് ധനകാര്യ വകുപ്പിന്റെ 12.04.2016-ലെ 177/2006 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക പിൻവലിച്ച് തനത്ഫണ്ടിൽ നിക്ഷേപിച്ചതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത്ഫണ്ടിൽ നിക്ഷേപിച്ച തുക തിരികെ ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് മാറ്റി ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 6,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നം – 4/24.11.22

1-15 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനത്തിൽ ലിമിറ്റ് ചെയ്യാൻ മസ്റ്റർറോൾ വെട്ടി തിരുത്തി.

2021-22 സാമ്പത്തിക വർഷത്തെ വിവിധ വർക്ക് ഫയലുകളിലെ മസ്റ്റർ റോളുകൾ വെട്ടിതിരുത്തിയതായി പരിശോധനയിൽ വ്യക്തമായി. ഇപ്രകാരം വെട്ടിതിരുത്തൽ വരുത്തിയ മസ്റ്റർ റോളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് / വർക്ക് കോഡ്, തരം - ജലസംരക്ഷണ പ്രവൃത്തികൾ | മസ്റ്റർ റോൾ നമ്പർ | ജോബ് കാർഡ് നമ്പർ |
|---|---|---|---|
| 1 | 03/WC/500224 | 23302 | 003/226 |
| 2 | 05/WC/494705 | 22673 | 005/96 |

| | | | |
|---|---|---|---|
| | | 22672 | 005/77 |
| | | 22672 | 005/35 |
| 3 | 06/WC/459306 | 8421 | 006/668 |
| 4 | 06/WC/484933 | 21517 | 006/1026 |
| 5 | 06/WC/473565 | 13305 | 06/668 |
| | | | 06/1028 |
| | 07/WC/498260 | 21204 | 007/235 |
| | | 21205 | 007/243 |
| | | 21207 | 007/207 |
| | | 21297 | 007/237 |
| | | 21297 | 007/221 |
| | | 22720 | 007/255 |
| | | 21213 | 007/1788 |
| | | 21213 | 007/1786 |
| | | 21914 | 007/328 |
| | | 21219 | 007/3652 |
| 6 | 09/WC/488858 | 21900 | 009/2442 |
| | | 21900 | 009/2471 |
| | | 21900 | 009/4221 |
| | | 21903 | 009/995 |
| | | 21903 | 009/991 |
| | | 21902 | 009/959 |
| | | 21902 | 009/983 |
| | | 20012 | 009/978 |
| 7 | 15/WC/496532 | 22088 | 15/444 |

100 തൊഴിൽ ദിനങ്ങളിൽ അധികമായി തൊഴിൽ ലഭിച്ചവർക്ക് 100 ദിനങ്ങളിൽ ലിമിറ്റ് ചെയ്യുന്നതിന് വേണ്ടിയാണ് തൊഴിലാളികളുടെ ഹാജർ വെട്ടികുറച്ചതെന്ന് എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ മറുപടി നൽകിയിട്ടുണ്ട്. തൊഴിലാളികൾ മസ്റ്റർ റോളിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തേണ്ടത് എന്നിരിക്കെ അതിന് പകരമായി മസ്റ്റർ റോളിലെ തൊഴിൽക്കൂലി കണക്കാക്കുന്നത് ഉൾപ്പെടെ എഴുതി തയ്യാറാക്കി എത്തിക്കുന്നതിനാലാണ് ഇപ്രകാരം വെട്ടിതിരുത്തലിന് കാരണമായതെന്ന് ജീവനക്കാർ വ്യക്തമാക്കി. മേൽ വെട്ടിത്തിരുത്തലുകളിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും ജോലി ചെയ്ത തൊഴിലാളികൾക്ക് കൂലി നഷ്ടമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.07.2022 തീയതിയിലെ അജണ്ട 25 (1) നമ്പർ തീരുമാന പ്രകാരം തൊഴിലുറപ്പ് മേറ്റുമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് വിഷയം ചർച്ച ചെയ്തിരുന്നു. വൈരുദ്ധ്യമുള്ള വിശദീകരണ റിപ്പോർട്ട് നൽകിയതായും ഈ വിധത്തിൽ സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുകയും രേഖകൾ വ്യാജമാക്കുകയും ചെയ്തതായി സെക്രട്ടറി ടി കമ്മറ്റിയിൽ അറിയിച്ചു. ഇതിൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ മേൽ വിഷയത്തിൽ നേരത്തേ സെക്രട്ടറി മേറ്റുമാരിൽ നിന്നും എഴുതി വാങ്ങിയതിൽ മേറ്റുമാർക്ക് വീഴ്ചയുണ്ടായതായി അവർതന്നെ രേഖപ്പെടുത്തി നൽകിയത് പരിശോധനയ്ക്ക് വിധേയമാക്കി. എന്നാൽ പിന്നീട് ദിവസങ്ങൾക്ക് ശേഷം മേറ്റുമാരിൽ നിന്നും സെക്രട്ടറി വീണ്ടും എഴുതി വാങ്ങിയതായും രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി.

മേൽ വിഷയത്തിൽ വ്യത്യസ്തമായ മറുപടികളാണ് സെക്രട്ടറിയും തൊഴിലുറപ്പ് ജീവനക്കാരും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. മസ്റ്റർ റോളുകളിലെ തിരുത്തലുകൾ മേറ്റുമാർ നടത്തിയതാണെന്ന് മേറ്റുമാർ സ്വന്തം കൈപ്പടയിൽ എഴുതി നൽകിയിട്ടുള്ളതാണെന്ന് തൊഴിലുറപ്പ് ജീവനക്കാർ മറുപടി നൽകുകയും മേറ്റുമാർ ഹാജരാക്കിയ സാക്ഷ്യപത്രം പരിശോധനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 23.7.22 ൽ

കമ്മിറ്റിയിൽ മേറ്റുമാരുടെ വിശദീകരണം തൃപ്തികരമല്ലെന്നും, വൈരുദ്ധ്യമുള്ള വിശദീകരണങ്ങളാണ് അവർ നൽകിയിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ട്.

ഇത് സംബന്ധിച്ച് നടന്ന ഓഡിറ്റ് അന്വേഷണത്തിൽ മസ്റ്റർ റോളുകളിലെ വെട്ടിതിരുത്തലുകൾ മേറ്റുമാർ നടത്തിയതാണെന്ന് മേറ്റുമാർ സ്വന്തം കൈപ്പടയിൽ എഴുതി നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 15 വരെ വാർഡുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, അക്കൗണ്ടന്റ് കം ഐ.ടി അസ്സിസ്റ്റന്റ്, എന്നിവർ രേഖാമൂലം മറുപടി നൽകി. 1 മുതൽ 5 വരെ വാർഡുകളിലെ മസ്റ്റർറോളുകളിൽ മേറ്റുമാർ തന്നെയാണ് വെട്ടിതിരുത്തൽ വരുത്തിയതെന്ന് അക്രഡിറ്റഡ് എഞ്ചിനീയർക്കും, സെക്രട്ടറിക്കും നൽകിയ മറുപടിയിൽ പറയുന്നുണ്ട്. 6 മുതൽ 15 വരെ വാർഡുകളിൽ മേറ്റുമാർ മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തൽ വരുത്തിയത് സംബന്ധിച്ച് സെക്രട്ടറിക്കും അക്രഡിറ്റഡ് എഞ്ചിനീയർക്കും നൽകിയ മറുപടിയിൽ വൈരുദ്ധ്യമുണ്ട്. എന്നാൽ സെക്രട്ടറി 16.08.2022 ൽ എസ്.സി.1/35115/2022-ാം നമ്പരായി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് അയച്ച കത്തിൽ, 01.07.22 ൽ മേറ്റുമാരിൽ നിന്നു ലഭിച്ച വിശദീകരണം (അവർക്ക് വീഴ്ച പറ്റിയതായി സമ്മതിച്ചുകൊണ്ടുള്ളത് ) കൃത്രിമമായി ചമച്ചതാണെന്ന് 11.07.2022 ൽ സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി പറയുന്നത് വസ്തുതാവിരുദ്ധമാണ് എന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു.

1-16 മസ്റ്റർറോൾ തിരുത്തി അധികം വേതനം നൽകി.

തൊഴിലാളികൾക്ക് 100 തൊഴിൽദിനം തികയ്ക്കാൻ വേണ്ടി കുറവുള്ള തൊഴിൽദിനം മസ്റ്റർ റോളിൽ വെട്ടിതിരുത്തി ഹാജർ രേഖപ്പെടുത്തി തൊഴിൽക്കൂലി നൽകിയതായി വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/വർക്ക് കോഡ്, തരം - ജല സംരക്ഷണ പ്രവൃത്തികൾ | മസ്റ്റർ റോൾ നമ്പർ | ജോബ് കാർഡ് നമ്പർ | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തൊഴിൽകൂലി | മസ്റ്റർ റോൾ പ്രകാരം അനുവദനീയമായ തൊഴിൽകൂലി | കൃത്രിമമായി രേഖപ്പെടുത്തിയ ഹാജർ | അധികം കൈപ്പറ്റിയ തുക | എഫ്.ടി.ഒ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 07/WC/498260 | 21202 | 007/1075 | 0 (Absent) | 301/- | 1 | 301/- | 1524459/ 18.03.2022 |
| | | 21216 | 007/254 | 0 (Absent) | 1,505/- | 5 | 1,505/- | 1606430/ 23.03.2022 |
| 2 | 08/WC/435297 | 17040 | 008/522 | 1,505/- | 1,204/- | 1 | 301/- | 1351057/ 11.02.2022 |
| 3 | 10/WC/488881 | 21920 | 10/148 | 1,495/- | 903/- | 2 | 602/- (ആയുധവാടക ഉൾപ്പെടെ) | 1590611/ 21.03.2022 |
| | | 21920 | 10/153 | 903/- | 602/- | 1 | 301/- | 1590611/ 21.03.2022 |
| 4 | 11/WC/480254 | 22122 | 11/1713 | 2,037/- | 1,746/- | 1 | 291/- | 1627886/ 26.03.2022 |
| | | 22122 | 11/213 | 2,037/- | 1,746/- | 1 | 291/- | 1627886/ 26.03.2022 |
| | | 22122 | 11/282 | 2,037/- | 1,746/- | 1 | 291/- | 1627886/ 26.03.2022 |
| | | 19715 | 11/4209 | 2,107/- | 1,746/- | 1 | 301/- | 1480274/ 4.03.2022 |
| | | 18463 | 12/1707 | 2,107/- | 1,806/- | 1 | 301/- | 1415370/ 22.02.2022 |
| 5 | 11/IF/558229 | 20776 | 14/4756 | 2,107/- | 1,806/- | 1 | 301/- | 1539343/ 14.03.2022 |
| | | 20775 | 11/4631 | 1,204/- | 301/- | 3 | 903/- | 1539343/ 14.03.2022 |
| | | 19719 | 11/291 | 2,107/- | 1,806/- | 1 | 301/- | 1480584/ 04.03.2022 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 11/IF/558243 | 19718 | 12/1700 | 2,107/- | 1,806/- | 1 | 301/- | 1480584/ 04.03.2022 |
| | | 20773 | 11/203 | 2,107/- | 1806/- | 1 | 301/- | 1539380/ 14.03.2022 |
| | | 20773 | 11/213 | 2,107/- | 1,806/- | 1 | 301/- | 1539380/ 14.03.2022 |
| 7 | 13/WC/457053/ | 6165 | 15/3110 | 1,505/- | 1,204/- | 1 | 301/- | 697698/ 23.10.2021 |
| | | 6233 | 15/3110 | 1,806/- | 1,505/- | 1 | 301/- | 738089/ 30.10.2021 |
| 8 | 15/WC/457061 | 5550 | 15/1085 | 1,505/- | 1,204/- | 1 | 301/- | 643872/ 13.10.2021 |
| ആകെ | | | | | | | 7,856/- | |

തൊഴിൽ കൂലിയിനത്തിൽ ഹാജരിൽ കൃത്രിമം നടത്തി അധികം 7,856/-രൂപ ചെലവഴിച്ചിട്ടുണ്ട്. (സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും നഷ്ടം കണക്കാക്കിയിരുന്നില്ല.)
തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.
മേൽ പ്രകാരം തൊഴിൽ ദിനങ്ങൾ കൂട്ടിയെഴുതി 100 തൊഴിൽ ദിനം തികയ്ക്കുമ്പോൾ ടി തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ ദിനം പൂർത്തീകരിച്ചതിനുള്ള 1,000/-രൂപ ഇൻസന്റീവും അനർഹമായി ലഭിച്ചിട്ടുണ്ട്. എന്നാൽ അനർഹമായി ഇൻസന്റീവ് കൈപ്പറ്റിയവരുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഉത്തരവാദിയായ ഉദ്യോഗസ്ഥർ - AITA (വാർഡ്തല ചാർജ് അടിസ്ഥാനം), സെക്രട്ടറി, അസി.സെക്രട്ടറി

### 1-17 എം.ബുക്ക് വെട്ടിതിരുത്തൽ

പല അളവുപുസ്തകങ്ങളിലും ബിൽ ഭാഗത്ത് വെട്ടിത്തിരുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടു. എം.ബുക്കിലെ ബിൽ പാർട്ടിലെ രേഖപ്പെടുത്തലുകൾ വെട്ടിതിരുത്തിയതായി ബോധ്യപ്പെട്ടു. അളവ് രേഖപ്പെടുത്തൽ ഭാഗത്ത് കൃത്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ബിൽ പാർട്ടിൽ കണക്ക് കൂട്ടുന്നതിലെ തെറ്റുകൾ തിരുത്തി അസി.എഞ്ചിനീയർ, സെക്രട്ടറി, അക്രഡിറ്റഡ് ഓവർസിയർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
എം.ബുക്കുകളിലെ വെട്ടിതിരുത്തൽ ശ്രദ്ധയിൽപ്പെട്ട ഫയലുകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വർക്ക് കോഡ്- തരം - ജല സംരക്ഷണ പ്രവൃത്തികൾ | എം-ബുക്ക് നമ്പർ |
|---|---|---|---|
| (1) | 2 | WC/473575 | 96/21-22 |
| (2) | 9 | WC/468823 | 170/21-22 |
| (3) | 10 | WC/469310 | 110/21-22 |
| (4) | 10 | WC/482574 | 36/21-22 |
| (5) | 15 | WC/496532 | 146/21-22 |

ഇത് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് അഞ്ച് എം.ബുക്കുകളിൽ വന്ന മനപ്പൂർവ്വമല്ലാത്ത ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നാണ് അക്രഡിറ്റഡ് എഞ്ചിനീയർ വിശദീകരിച്ചത്. ഇത് മൂലം സാമ്പത്തിക നഷ്ടമോ മറ്റ് ക്രമക്കേടുകളോ ഉണ്ടായിട്ടില്ല എന്നാണ് പരിശോധനയിൽ വ്യക്തമായത്. മാത്രമല്ല 93 വർക്ക് ഫയലുകളുമായി ബന്ധപ്പെട്ട ഇതര അളവുപുസ്തകങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടായിട്ടില്ല.

### 1-18 ഓരോ ഇനത്തിലും എസ്റ്റിമേറ്റ് തുകയിൽ കൂടുതൽ പ്രവൃത്തിക്കായി ചെലവഴിച്ചു.

എം.ജി.എൻ.ആർഇ.ജി.എസ് പ്രവർത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റിൽ അവിദഗ്ധ തൊഴിൽ വേതനം, ആയുധ വാടക എന്നീ ഓരോ ഇനത്തിനും തുക ലിമിറ്റ് ചെയ്ത് ആകെ തുക വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പരിധി മറികടന്ന് തുക ചെലവഴിച്ചിട്ടുള്ളതായി കണ്ടു. എസ്റ്റിമേറ്റിലും അധികമായി അവിദഗ്ധ തൊഴിലാളി വേതനം, ആയുധ വാടക എന്നിവ ചെലവഴിച്ചിട്ടുള്ളതിനാൽ ടി വർക്കിന് ആവശ്യമുള്ളതിലും അധികം മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. എസ്റ്റിമേറ്റിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഡിമാന്റ് ചെയ്തിട്ടുള്ളതിനാലാണ് കൂടുതൽ മസ്റ്റർ റോളുകൾ തയ്യാറാക്കിയിട്ടുള്ളതിന് കാരണമെന്ന് ബോധ്യപ്പെട്ടെങ്കിലും

എം.ജി.എൻ.ആർ.ഇ.ജി.എസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റിലും അധികമായി മസ്റ്റർ റോൾ ഡിമാന്റ് ചെയ്യുന്നത് എപ്രകാരമാണെന്ന് ബോധ്യപ്പെട്ടിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് രേഖാമൂലം ആവശ്യപ്പെട്ടതിൽ 10 മുതൽ 15 വാർഡ് വരെ ചുമതലയുള്ള അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് ശ്രീമതി.ബിന്ദു.എൽ നൽകിയ മറുപടിയിൽ 'ഡിമാന്റ് ഇഷ്യൂ' ഉള്ള വാർഡുകളിൽ 100 തൊഴിൽദിനം പൂർത്തിയാക്കുന്നതിന് വേണ്ടി എഡിറ്റ് ഓപ്ഷനിൽ തൊഴിലാളികളുടെ പ്രസന്റ് ആബ്സന്റാക്കി പുതിയ മസ്റ്റർ റോൾ ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. മറുപടിയുടെ പകർപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു. എസ്റ്റിമേറ്റിൽ കൂടുതലായി തുകകൾ അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഡേറ്റാ എൻട്രി ലോഗിൻ വഴി മസ്റ്റർ റോൾ ഡിമാന്റ് ചെയ്യുന്ന സോഫ്റ്റ് വെയർ പഴുതുകൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി വ്യക്തമാകുന്നു.

1. വാർഡ് 2-WC 473575

| | എസ്റ്റിമേറ്റ് നിരക്ക് (രൂപ) | ചെലവ് (രൂപ) | അധികം ചെലവഴിച്ച തുക(രൂപ) |
|---|---|---|---|
| അവിദഗ്ധ തൊഴിൽകൂലി | 4,79,925/- | 4,91,208/- | 11,283/- |
| ഷാർപ്പെനിങ് ചാർജ്ജ് | 16,075/- | 16,880/- | 805/- |
| ബോർഡ് | 3,000/- | 0 | 0 |
| ആകെ | | | 12,088/- |

2. വാർഡ് 7-WC 498260

| | എസ്റ്റിമേറ്റ് നിരക്ക് (രൂപ) | ചെലവ്(രൂപ) | അധികം ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| അവിദഗ്ധ തൊഴിൽകൂലി | 4,72,380.69/- | 5,16,234/- | 43,853.31/- |
| ഷാർപ്പെനിങ് ചാർജ്ജ് | 16,619/- | 11,660/- | 0 |
| ബോർഡ് | 3,000/- | 0 | 0 |
| ആകെ | | | 43,853.31/- |

3. വാർഡ് 13-WC 484652

| | എസ്റ്റിമേറ്റ് നിരക്ക് (രൂപ) | ചെലവ് (രൂപ) | അധികം ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| അവിദഗ്ധ തൊഴിൽകൂലി | 4,80,810.75/- | 4,86,843/- | 6,032.25/- |
| ഷാർപ്പെനിങ് ചാർജ്ജ് | 16,000/- | 16,730/- | 730/- |
| ബോർഡ് | 3,000/- | 0 | 0 |
| ആകെ | | | 6,762.25/- |

4. വാർഡ് 15-WC 457058

| | എസ്റ്റിമേറ്റ് നിരക്ക് (രൂപ) | ചെലവ് (രൂപ) | അധികം ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| അവിദഗ്ധ തൊഴിൽകൂലി | 4,56,621/- | 4,62,981/- | 6,360/- |
| ഷാർപ്പെനിങ് ചാർജ്ജ് | 16,379/- | 15,910/- | 0 |
| ബോർഡ് | 5,000/- | 0 | 0 |
| ആകെ | | | 6,360/- |

5. വാർഡ് 12-LD380382

